കടബാദ്ധ്യതമൂലം കഷ്ടത അനുഭവിക്കുന്ന കൃഷിക്കാർക്ക് സഹായ പദ്ധതികൾ

101 [401] *ശ്രീ കെ. പി. രാജേന്ദ്രൻ:*
,, *പി. എസ്. സുപാൽ:*
,, *എൻ. രാജൻ:*
,, *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിനാശം, വിലത്തകർച്ച, കടബാദ്ധ്യത തുടങ്ങിയവമൂലം ആത്മഹത്യചെയ്ത കൃഷിക്കാരുടെ കുടുംബങ്ങളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കൃഷിക്കാർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കൃഷിക്കാരുടെ ആത്മഹത്യ സംബന്ധിച്ച് കേന്ദ്ര സർക്കാർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗവൺമെന്റ് നൽകിയ റിപ്പോർട്ടിലെ വിശദാംശങ്ങളും ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളും, എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കടബാദ്ധ്യതമൂലം കഷ്ടത അനുഭവിക്കുന്ന കൃഷിക്കാരെ സംരക്ഷിക്കുന്നതിന് ഇപ്പോൾ നടപ്പിലാക്കിവരുന്ന ആശ്വാസ സഹായ പദ്ധതികൾ എന്തൊക്കെ ആണെന്ന് വിശദമാക്കുമോ;

(ഇ) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്തിനുണ്ടായ കാർഷിക മേഖലയിലെ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇതു നികത്താൻ കേന്ദ്രത്തിൽനിന്നും ലഭിച്ച സഹായങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൃഷിനാശം, വിലത്തകർച്ച, കടബാദ്ധ്യത എന്നിവമൂലം ആത്മഹത്യചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001 മുതൽ 2004 ആഗസ്റ്റ് വരെ സംസ്ഥാനത്ത് 213 കർഷകർ ആത്മഹത്യ ചെയ്തിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.†

(ഡി) കടബാദ്ധ്യതമൂലം കഷ്ടത അനുഭവിക്കുന്ന കർഷകരെ സംരക്ഷിക്കുന്നതിനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള ആശ്വാസ പദ്ധതികൾ അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.†

(ഇ) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ പ്രകൃതിക്ഷോഭംമൂലം സംസ്ഥാനത്ത് 842.45 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(എഫ്) കേന്ദ്രത്തിൽനിന്നും ലഭിച്ച സഹായം സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു.

കാർഷിക മേഖലയിലെ പ്രശ്നങ്ങളാൽ ഉണ്ടായിട്ടുള്ള കർഷക ആത്മഹത്യ

102 [402] *ശ്രീ. ടി. കെ. ദേവകുമാർ:*
,, *വി. കെ. ചന്ദ്രൻ:*
,, *പി. ജയരാജൻ:*
,, *എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലുണ്ടായിട്ടുള്ള വിലത്തകർച്ചയും കടക്കെണിയുംമൂലം സംസ്ഥാനത്ത് ഇപ്പോഴും കർഷകർ ആത്മഹത്യ ചെയ്യുന്നവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2005 ജനുവരിക്കുശേഷം സംസ്ഥാനത്ത് കടക്കെണിമൂലം എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(സി) ഇവരുടെ കുടുംബങ്ങളെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ഡി) സർക്കാർ പ്രഖ്യാപിച്ച ആശ്വാസ നടപടികൾ ഒന്നും കർഷകരിൽ എത്തുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കാൻ കേന്ദ്രത്തിൽ നിന്നും എന്ത് തുകയാണ് ലഭിച്ചത്; ഇതിൽ എന്തുതുക വിതരണം ചെയ്തു;

(എഫ്) ആത്മഹത്യ ചെയ്ത എത്ര കർഷക കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്; ഇതിൽ സംസ്ഥാന സർക്കാർ നൽകിയ ധനസഹായത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly